**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3295**
**14.07.2015 ലെ മറുപടിക്ക്**
**<u>പബ്ലിക്ക് പോളിസി റിസർച്ച് ഇൻസ്റ്റിട്യൂട്ട്</u>**

| ചോദ്യം.<br>ശ്രീ. വർക്കല കഹാർ<br>ശ്രീ . അൻവർ സാദത്ത്<br>ശ്രീ . ബെന്നി ബെഹനാൻ<br>ശ്രീ . ഡൊമിനിക്ക് പ്രസന്റേഷൻ | | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ) |
|---|---|---|
| (എ) | പബ്ലിക്ക് പോളിസി റിസർച്ച് ഇൻസ്റ്റിട്യൂട്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | തിരുവനന്തപുരം ആസ്ഥാനമാക്കി പബ്ലിക്ക് പോളിസി റിസർച്ച് ഇൻസ്റ്റിട്യൂട്ട് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 13.02.2013 തിയ്യതിയിലെ സ.ഉ (പി) നം. 78/2013/ധന ഉത്തരവ് പ്രകാരം പബ്ലിക്ക് പോളിസി റിസർച്ച് ഇൻസ്റ്റിട്യൂട്ട് രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. . |
| ( ബി ) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത് ; | കേരള സമൂഹവും സമ്പദ് വ്യവസ്ഥയും നേരിടുന്ന പ്രശ്നങ്ങളെ പരിഹരിക്കുന്നതിനായി വിവിധ മേഖലകളിലെ ഗവേഷണവും ഡോക്യുമെന്റേഷനും ഏറ്റെടുത്തുകൊണ്ട് അറിവിന്റെ ഉൽപ്പാദനത്തിന്റെയും വ്യാപനത്തിന്റെയും കേന്ദ്രമായി പ്രവർത്തിക്കുക എന്നതാണ് പബ്ലിക്ക് പോളിസി റിസർച്ച് ഇൻസ്റ്റിട്യൂട്ടിന്റെ പ്രധാന ലക്ഷ്യം. |
| ( സി) | സർക്കാറിന്റെ നയങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ രൂപീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | സർക്കാറിന്റെ നയങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് ഓരോ മേഖലയിലും അക്കാഡമിക് രംഗത്തും ഭരണരംഗത്തും വൈദഗ്ദ്യമുള്ളവരുടെ പാനൽ രൂപീകരിക്കുകയും അവർ കേരളത്തിന് ഏറ്റവും അനുയോജ്യമായ നയരൂപീകരണത്തിന് പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യും . ഇപ്രകാരം തയ്യാറാക്കുന്ന റിപ്പോർട്ടുകളിൽ വിവിധ |

| | | |
|---|---|---|
| | | മേഖലകളിലുള്ളവരുടെ അഭിപ്രായം തേടുകയും അവ കൂടി ക്രോഡീകരിച്ച് കുറ്റമറ്റ രീതിയിൽ റിപ്പോർട്ടും നയപരമായ നിർദ്ദേശങ്ങളും സർക്കാറിന് ലഭ്യാമാക്കുകയും ചെയ്യും . ഇത്തരത്തിൽ നയങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് അനുയോജ്യമായ വിധത്തിലാണ് പബ്ലിക്ക് പോളിസി റിസർച്ച് ഇൻസ്റ്റിട്യൂട്ട് രൂപീകരിച്ചിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**